മാതൃഭൂമി

Mathrubhumi Seed

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ

# Water for Peace

World Water Day

22 March 2024

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
Leaf - 30 March 2024

# ആകാശപ്പച്ച

# CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം
അറിയാൻ
Page 6

ചിറകുള്ള
ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ
കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ
പ്രകൃതി
Page 10

ഇത് അതിശയം
തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം
എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16



# സമാധാന ജലം!

ലോക ജലദിനമാണ് മാർച്ച് 22. ഏറ്റവും ആകാംഷയോടെയും ശ്രദ്ധയോടെയുമാണ് ജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ലോകം കൈകാര്യം ചെയ്യുന്നത്. ജലത്തിന്റെ കാര്യത്തിൽ ആവശ്യമായ ശ്രദ്ധ പ്രതിഫലിക്കുന്നത് തന്നെയാണ് ലോക ജലദിന സന്ദേശവും. ഈ വർഷംത്തെ ലോകജലദിനം 'സമാധാനത്തിനായുള്ള ജലം' എന്ന വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഐക്യം പ്രോത്സാഹിപ്പിക്കുന്നതിലും സംഘർഷം തടയുന്നതിലും ജലത്തിന്റെ സുപ്രധാന പങ്ക് ഊന്നിപ്പറയുകയും ചെയ്യുന്നു. ലോകരാഷ്ട്രീയത്തിന്റെയും സമാധാനത്തിന്റെയും സുസ്ഥിരതയിൽ ജലം വഹിക്കുന്ന സുപ്രധാന പങ്കിലേക്കാണ് ഈ വർഷത്തെ ജലദിനസന്ദേശം ഉറ്റുനോക്കുന്നത്. ലോകമെമ്പാടും ജലവുമായി ബന്ധപ്പെട്ട് രൂപപ്പെടുന്ന സമ്മർദ്ദങ്ങളും പ്രശ്നങ്ങളും ലഘൂകരിച്ച് ജലത്തെ സമാധാനത്തിന്റെ ഇടമായി നിലനിർത്തുക എന്ന ലക്ഷ്യം നേടാനായാൽ അത് മാനവരാശിക്ക് ഏറെ ഗുണകരമാവും എന്നുറപ്പാണ്.




Seed
Student Empowerment for Environmental Development
FEDERAL BANK

എഡിറ്റോറിയൽ



# സംരക്ഷിക്കണം ഭൂഗർഭജലം

ടാപ്പുകളിൽ നിന്ന് അധികജലം പാഴാകാതിരിക്കുക, കുളിക്കാനും പാത്രങ്ങൾ കഴുകാനുമൊക്കെ ആവശ്യത്തിന് മാത്രം ജലം ഉപയോഗിക്കുക, ഒരിക്കൽ ഉപയോഗിച്ച വെള്ളം ചെടികൾ നനയ്ക്കാനും മറ്റും ഉപയോഗപ്പെടുത്തുക ഇതിലൊക്കെ  നമ്മൾ ശ്രദ്ധപുലർത്താറുണ്ട്. എന്നാൽ അതൊന്നും കൊണ്ട് മതിയാവില്ല ജലസംരക്ഷണ പ്രവർത്തനങ്ങൾ.  ഭൂഗർഭ ജലത്തെയാണ് പ്രധാനമായും സംരക്ഷിക്കേണ്ടത്. ഭൂമിക്കടിയിലുള്ള ജലശേഖരത്തിലേക്ക് പരമാവധി ജലം എത്തിക്കുന്നതിനുള്ള എല്ലാ വഴികളും നമ്മൾ ഒരുക്കിക്കൊടുക്കണം. എങ്കിൽ മാത്രമേ കുളങ്ങളും കിണറുകളും പുഴകളുമൊക്കെ ജലസമൃദ്ധമായി നിലനിൽക്കുകയുള്ളു. മഴയിലൂടെ ലഭിക്കുന്ന വെള്ളം അതിവേഗത്തിൽ ഒഴുകിപ്പോകുന്നതിനുള്ള അവസരം ഒരുക്കുന്ന ശീലം വർദ്ധിച്ചു വരുന്നുണ്ട്. അത് ഭൂമിക്കടിയിലേക്ക് വെള്ളം കിനിഞ്ഞിറങ്ങുന്നതിനുള്ള അവസരം ഇല്ലാതാക്കും. എന്നാൽ മഴപെയ്ത് ഭൂമിയിൽ പതിക്കുന്ന വെള്ളം അതാത് സ്ഥലങ്ങളിൽ നിന്നുതന്നെ ഭൂമിക്കടിയിലേക്ക് താഴ്ന്നിറങ്ങാനുള്ള അവസരം ഒരുക്കുകയാണ് ജലസംരക്ഷണത്തിനായുള്ള ഏറ്റവും മികച്ച മാർഗം.



# കാട് കയറുന്ന മനുഷ്യരും കാടിറങ്ങുന്ന മൃഗങ്ങളും

പ്രകൃതിയുടെ വശ്യസൗന്ദര്യം നിറഞ്ഞ ഇടമാണ് കാട്. വന്യമൃഗങ്ങളും പക്ഷികളും വൃക്ഷലതാദികളും ചോലകളും എല്ലാം കാടിന് പൂർണത നൽകുന്നു. കാടുകളിൽ മാത്രം ജീവിക്കുന്ന ചെറുപ്രാണികളും ജീവികളും പോലും ഇന്ന് മനുഷ്യർക്ക് സുപരിചതമാണ്. അതിൽ ഏറെയും മനുഷ്യർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്തവയുമാണ്. എന്നാൽ വർദ്ധിച്ചുവന്ന ജനസമ്പത്ത്, കാടെല്ലാം നാടാക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ഇത് മൂലം ആനയും കരടിയും കടുവയും മുള്ളൻ പന്നിയും എല്ലാം നാട്ടിൽ ഇറങ്ങുന്നു. ജീവൻ രക്ഷിക്കാനുള്ള സമരമുഖത്ത് നിന്നുകൊണ്ട് തങ്ങളുടെ ജീവനുവേണ്ടി യാചിക്കുന്ന ജനസമൂഹത്തെ നാം കാണാതെ പോകരുത്. അതുപോലെ വന്യജീവികളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന രീതിയിലുള്ള ഇടപെടലുകൾ നിർത്തുകയും വേണം. വീടുകളിൽ തന്നെ ചെറുകാവുകളായി മരങ്ങൾ വളർത്തിയിരുന്ന സംസ്കാരത്തിൽ നിന്നും മരങ്ങളെല്ലാം വെട്ടി മാറ്റുന്ന നഗരസംസ്കാരത്തിലേക്ക് മനുഷ്യൻ മാറിയിരിക്കുന്നു. ഈ മാറ്റം പ്രകൃതിയെ ദോഷകരമായി ബാധിക്കുന്നുവെന്ന് നാം മനസ്സിലാക്കണം. ഇനിയെങ്കിലും പ്രകൃതിയോടിണങ്ങിയ ജീവിതം നയിക്കാൻ നമുക്ക് ശ്രമിക്കാം.

ലിറ്റിഷ്യ രാജ്
സീഡ് കോർഡിനേറ്റർ
വാണിവിലാസം യു.പി.സ്കൂൾ, പാടൂർ
തൃശൂർ

# കാട് അവർക്ക് നാട് നമുക്കും

കേരളം അറിയാൻ

കേരളം ഇന്നു നേരിടുന്ന ഗുരുതര പ്രശ്നമാണ് മനുഷ്യ വന്യജീവി സംഘർഷം. വന്യമൃഗങ്ങൾ നാട്ടുകാരെ ആക്രമിക്കുന്നുവെന്നും ആ ആക്രമണത്തിൽ ചിലർ മരണപ്പെട്ടുവെന്നുമുള്ള വാർത്തകൾ ആവർത്തിക്കുകയാണ്. വനം കയ്യേറി അവിടെ വീട്കെട്ടി വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ നഷ്ടപ്പെടുത്തിയതു മൂലമാണ് ഈ പ്രതിസന്ധിയുണ്ടായത്. വനത്തെ ആശ്രയിച്ചു ജീവിക്കുന്ന സസ്തനികളും ഉരഗങ്ങളും പക്ഷികളും ജനവാസ മേഖലയിൽ ആശ്രയം കണ്ടെത്തുന്നു. കനത്ത വനനശീകരണംമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശനങ്ങളായ ഉരുൾപൊട്ടലും മണ്ണൊലിപ്പും ഇതിനുപുറമേയുള്ള പ്രശ്നങ്ങളാണ്. നദികളാണ് ഒരു നാടിന്റെ സമൃദ്ധിയുടെ നട്ടെല്ല്. തെളിനീരുമായി ഒഴുക്കുന്ന പല നദികളും 'മരണ'പ്പെടുമോ എന്ന ഭീഷണിയിലാണിപ്പോൾ. വായുമലിനീകരണം മറ്റൊരു ഗുരുതര പാരിസ്ഥിതിക പ്രശ്നമാണ്. പുതുതലമുറ ഉണർന്നു പ്രവർത്തിക്കേണ്ടത് വരുന്ന തലമുറകളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.



വൈഷ്ണവി ഡി. മേനോൻ
ക്ലാസ്-9
ചിന്മയ വിദ്യാലയ, വടുതല
എറണാകുളം



# Red wattled lapwing

# ചെങ്കണ്ണി തിത്തിരി

ചരാഡ്രിഡേ കുടുംബത്തിൽപ്പെടുന്ന പക്ഷിയാണ് ചെങ്കണ്ണി തിത്തിരി. Vanellus indicus എന്നാണ് ശാസ്ത്രീയ നാമം. നെൽപാടങ്ങളിലും ജലാശയങ്ങളോട് ചേർന്നും കാണപ്പെടുന്ന ഈ പക്ഷി ഒരിക്കലും മരകമ്പുകളിൽ ഇരിക്കാറില്ല. നിലത്ത് മാത്രം ഇരിക്കുകയും ചെറുപ്രാണികളെയും മറ്റും ആഹാരമാക്കുകയും ചെയ്യുന്ന ചെങ്കണ്ണി ത്തിത്തിരി കൂട് വയ്ക്കുന്നതും മണ്ണിൽ തന്നെയാണ്. നാല് മുട്ടവരെ ഇടാറുണ്ട്. അടയിരിക്കുന്നതും കുഞ്ഞുങ്ങളെ നോക്കി വളർത്തുന്നതും ആൺപക്ഷിയും പെൺപക്ഷിയും ചേർന്നാണ്. ഉച്ചത്തിലുള്ള ഇവയുടെ ശബ്ദം വളരെ അകലെനിന്നുതന്നെ തിരിച്ചറിയാൻ സാധിക്കും.

ബിമൽ കെ., അധ്യാപകൻ,
ഗാന്ധി സ്മാരക യു.പി. സ്കൂൾ,
മംഗലം, പാലക്കാട്.

ഈ ഫോട്ടോ കാണാം

# മലരിക്കൽ, കോട്ടയം



അഭിഷേക് ഹിമാഗ്ഷു
സി.എം.എസ്.എച്ച്.എസ്, പള്ളം



# പൊന്നാംകണ്ണി ചീര

ചീരകളിൽ കേമനാണ് പൊന്നാംകണ്ണി ചീര. കണ്ണിനു പൊന്നാണ് പൊന്നാംകണ്ണി എന്നും പറയപ്പെടുന്നു. ചെറിയ ചെടിച്ചട്ടികളിലും ഗ്രോബാഗിലും ചെറു ചാക്കുകളിലും അലങ്കാരചെടിപോലെ തൂക്കിയിട്ടും ഇവ വളർത്താം. വേനൽ കാലത്തുപോലും വാടാതെ വളരുന്നതാണ് പൊന്നാങ്കണ്ണി ചീര. ആഴ്ചയിൽ ഒരു ദിവസം വീതം മുറിച്ചെടുത്തു കറിക്ക് ഉപയോഗിച്ചാലും വളരെ പെട്ടന്ന് തന്നെ തഴച്ചു വളരും. വേനൽ കാലത്തും വെള്ളകെട്ടിലും നശിച്ചു പോവില്ല. കണ്ണുകളിലെ പല രോഗങ്ങൾക്കും ഈ ചീര നല്ലൊരു ഔഷധമാണ്. സാധാരണ ചീരകൾക്കുണ്ടാകുന്ന അമിത കീടശല്യം പൊന്നാങ്കണ്ണി ചീരയെ ബാധിക്കാറില്ല.

കൃഷ്ണനുണ്ണി എ.ആർ.
ഗവൺമെന്റ് യു.പി.എസ്.
കടയ്ക്കൽ, കൊല്ലം

# കാട്ടുകുറിഞ്ഞീ

*കാട്ടുകുറിഞ്ഞീ കാട്ടുകുറിഞ്ഞീ*
*കരളിൽ നിറയെ തേനുണ്ടോ*
*തേനുണ്ണാൻ തേടിവരും*
*വരിവണ്ടിനു നൽകാൻ തേനുണ്ടോ?*
*വണ്ടിനു തേനുണ്ടോ*
*വരിവണ്ടിനു തേനുണ്ടോ?*

ഒരു കാട്ടുപാട്ടിന്റെ സാന്ദ്രതയും സൗന്ദര്യവും നിറയുന്ന വരികളാണിവ. കാട്ടിലെ പ്രകൃതിയുടെ അനന്തമായ സൗന്ദര്യം പാട്ടിൽ പ്രതിഫലിക്കുന്നു. 'കരളിൽ നിറയെ തേനുണ്ടോ' എന്നത് പ്രകൃതിയുടെ മാധുര്യത്തെ വെളിപ്പെടുത്തുന്നു. ചെടികളും ജീവികളും തമ്മിലുള്ള പാരസ്പര ബന്ധം കാണിക്കുന്നുമുണ്ട് ഈ വരികൾ.



**സിനിമ:** കാട്ടുമൈന
**ഗാനരചന:**
തിരുനയിനാർ
കുറിച്ചി മാധവൻനായർ
**സംഗീതം:** ബ്രദർ ലക്ഷ്മണൻ
**പാടിയത്:** പി. സുശീല



ലക്ഷ്മി രാജേഷ്
സിറിയൻ ജാക്കോബൈറ്റ്
പബ്ലിക് സ്കൂൾ, വരിക്കാട്
പത്തനംതിട്ട




# ജൈവദീപ്തി

വണ്ട് കുടുംബത്തിൽ പെട്ട ഒരു ഷഡ്പദമാണ് മിന്നാമിന്നി. ലാമ്പിറിഡേ എന്നാണ് മിന്നാമിനുങ്ങ് കുടുംബം അറിയപ്പെടുന്നത്. ഉഷ്ണമേഖലാ പ്രദേശങ്ങളിൽ ഇവ കൂടുതൽ കാണപ്പെടുന്നു. നമ്മുടെ നാട്ടിൽ സാധാരണ കണ്ടുവരുന്ന മിന്നാമിനുങ്ങിന്റെ ശാസ്ത്രനാമം ലാംപൈറിസ് നൊക്ടിലൂക്ക എന്നാണ്. മിന്നാമിനുങ്ങിന്റെ പ്രധാന ആകർഷണം അതിന്റെ പ്രകാശം പുറപ്പെടുവിക്കാനുള്ള കഴിവാണ്. ഈ പ്രത്യേകതക്ക് ജൈവദീപ്തി എന്നാണ് പറയുക. ലൂസിഫറിൻ എന്ന രാസവസ്തുവാണ് ഈ തിളക്കത്തിന് കാരണം. അധികയിനം മിന്നാമിനുങ്ങുകളുടെയും സാധാരണ ഭക്ഷണം പൂന്തേനും പൂമ്പൊടിയുമാണ്. എന്നാൽ ഇവയുടെ ലാർവകൾ നോൺ വെജിറ്റേറിയനുകളാണ്. മുതിർന്ന മിന്നാമിനുങ്ങുകളാവട്ടെ ഒരു ആഹാരവും കഴിക്കില്ല. പട്ടിണി കിടന്നും അവ മിന്നിക്കോളും. മിന്നാമിനുങ്ങിന്റെ ശരാശരി ആയുസ് രണ്ട് മാസമാണ്.


ഫായിസ് എം.കെ.
അധ്യാപകൻ
വിദ്യാനികേതൻ പബ്ലിക് സ്കൂൾ, പയ്യോളി
കോഴിക്കോട്

# തവള കരഞ്ഞാൽ മഴ പെയ്യുമോ?



തവള കരഞ്ഞാൽ മഴ പെയ്യും എന്ന് പലയിടങ്ങളിലും പറയുന്നത് കേട്ടിട്ടുണ്ടാവും. പക്ഷേ തവളകൾ കരഞ്ഞാൽ മഴ പെയ്യും എന്നതിന് ശാസ്ത്രീയമായ തെളിവില്ല. തവളകളുടെ പ്രജനനകാലമാണ് മഴക്കാലം. ഇണചേരൽ ആവശ്യത്തിനായി പെൺതവളകളെ ആകർഷിക്കുന്നതിനു വേണ്ടി ആൺതവളകൾ ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിപ്പിക്കാറുണ്ട്. മാത്രവുമല്ല തവളകൾ പരസ്പരം ആശയ വിനിമയം നടത്താൻ ഒരേ സമയം കരയാൻ തുടങ്ങുകയും ഒരുമിച്ച് നിർത്തുകയും ചെയ്യാറുമുണ്ട്. ഇതൊക്കെ സംഭവിക്കുന്നത് മഴക്കാലത്താണ്. അതായത് മഴ വരുന്നതുകൊണ്ടാണ് തവളകരയുന്നത്, അല്ലാതെ തവള കരഞ്ഞതുകൊണ്ടല്ല മഴ വരുന്നത്. ആക്രമണകാരികളെ പേടിപ്പിക്കാനുള്ള ഒരു വിദ്യയെന്ന നിലയിലും തവളകൾ ഒച്ചയുണ്ടാക്കാറുണ്ട് എന്ന് കരുതുന്നവരുണ്ട്. എന്നാൽ തവളകളുടെ ഒച്ച കേട്ട് അവയെ അകത്താക്കുന്ന ജീവികൾ എത്തുകയാണ് പതിവ്.

പ്രീതം ആർ., ക്ലാസ്സ്-6
സെയിന്റ്. മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ,
പെരിയാട്ടടുക്കം, കാസർകോട്

# ചേക്കേറുന്നവർ ഞങ്ങൾ



ഒരു പ്രകൃതി പ്രതിഭാസം പോലെ ഒരു ദേശത്തു നിന്നും മറ്റൊരിടത്തേക്ക് ഋതുക്കളുമായി ബന്ധപ്പെട്ട് ദേശാടനം നടത്തുന്നവയാണ് ദേശാടന പക്ഷികൾ. സ്ഥിരമായൊരു വാസസ്ഥലം ഇവർക്കില്ല. തീറ്റതേടി യും കാലാവസ്ഥാമാറ്റങ്ങളിൽ നിന്നും രക്ഷനേടാനും ഇവർ നിരന്തര സഞ്ചാരം നടത്തുന്നു. കാലാവസ്ഥാ വ്യതിയാനങ്ങൾ ദേശാടന പക്ഷികളുടെ കുടിയേറ്റ ത്തെ നേരിട്ട് ബാധിക്കുന്നു. ആവാസവ്യവസ്ഥയിലെ തകരാറും ഇവയുടെ നാശത്തിന് കാരണമാകുന്നു. കേരളത്തിലേക്ക് ദേശാടന പക്ഷികളുടെ വരവ് കുറഞ്ഞിട്ടുണ്ട്. ഇത് നാം വളരെ ഗൗരവമായി തന്നെ എടുക്കേണ്ട കാര്യമാണ്.

ലീന വർഗീസ്
കെ.ഇ.യു.പി.എസ്., പുളിയന്മല
ഇടുക്കി

പൂവറിവ്

# ബോഗൺവില്ല





തെക്കെ അമേരിക്ക സ്വദേശമായ ഒരു അലങ്കാര സസ്യമാണ് ബോഗൺ വില്ല അഥവാ കടലാസു ചെടി. 1768-ൽ ബ്രസീലിൽ ആദ്യമായി ഈ സസ്യം കണ്ടെത്തിയ ലൂയിസ്- ആൻറോയിൻ കോംടെ ഡി ബൊഗെയ്ൻവില്ലെ എന്ന ഫ്രഞ്ച് നാവികന്റെ പേരിൽ നിന്നാണ് ബോഗൺ വില്ല എന്ന് ഈ ചെടിക്ക് പേരു വന്നത്. മുള്ളുകൾ ഉള്ള ഈ ചെടി പന്ത്രണ്ട് മീറ്റർ വരെ ഉയരത്തിൽ വളരും. പുഷ്പങ്ങൾ വളരെ ചെറുതാണ്. യഥാർത്ഥത്തിൽ വർണപകിട്ടോടെ കാണപ്പെടുന്നത് ഇലകൾ ആണ്. പിങ്ക്, മജന്ത, പർപ്പിൾ, ചുവപ്പ്, ഓറഞ്ച്, വെള്ള, മഞ്ഞ എന്നീ നിറങ്ങളിൽ ബ്രാക്റ്റുകൾ കാണപ്പെടുന്നു. ഇവയുടെ യഥാർത്ഥ പൂവ് ചെറുതും വെളുത്ത നിറം ഉള്ളതു മാണ്. അഞ്ചോ ആറോ ബ്രാക്റ്റുകളാൽ പൂവ് ചുറ്റപ്പെട്ടിരിക്കും.




ശ്രീലക്ഷ്മി കെ.ആർ.
ജി.എൽ.പി.എസ്. അമ്പുകുത്തി
വയനാട്

വർണച്ചിറക്

കവിത

# നീ എന്റെ കൂട്ടുകാരി

പച്ചപുതച്ച നെൽപ്പാടങ്ങളും
തെളിനീരോഴുകുമരുവികളും
മഞ്ജിമ തൂകുന്ന ആരാമത്തിൽ
കൊഞ്ചി പറക്കുന്ന
പൂമ്പാറ്റയാണിന്നു ഞാൻ.
മല്ലിയും മുല്ലയും പിച്ചിയും തെച്ചിയും
വല്ലിപ്പടർപ്പുമാണെന്നുമെൻ കൂട്ടുകാർ.
ഒറ്റയ്ക്കിരിക്കവേ തൊട്ടു തലോടിയെൻ
മുറ്റിയ വേദന മാറ്റുന്ന മാരുതൻ.
കിളികൾ തൻ കളമൊഴി കേൾപ്പിച്ചിട്ടെന്നോട്
കളിവാക്കു ചൊല്ലുന്ന മാമരക്കൂട്ടങ്ങൾ.
കളകളം ഒഴുകുന്ന പുഴകളും പൂക്കളും
പുളകിതമാക്കുന്നു എന്നുമെൻ ഓർമ്മയെ.



അവന്തിക എസ്. കുമാർ
ഗവ.യു.പി.സ്കൂൾ ആഞ്ഞിലിപ്രാ
ആലപ്പുഴ

# ഉത്സവം




കൊയ്ത്ത് കഴിഞ്ഞു, വയൽ ശൂന്യമാണ്. ഉത്സവത്തിന്റെ ഒരുക്കങ്ങൾ ഒരുഭാഗത്ത് തുടങ്ങിയിട്ടുണ്ട്. കുറച്ചുദിവസം മുൻപ് പച്ചപ്പരവതാനി വിരിച്ച് സുന്ദരമായ വയൽ ആയിരുന്നു ഇത്. വരമ്പിലൂടെ നടന്ന്ചുറ്റുമുള്ള പ്രകൃതി ആസ്വദിക്കാൻ കഴിയുമായിരുന്നു. കിളികളുടെ കലപില ശബ്ദങ്ങളും ചൂണ്ടയിടാൻ നിൽക്കുന്ന ബാല്യങ്ങളുടെ ആനന്ദവും കുളിർ തെന്നലും ഈ പാടത്തിന്റെ സ്വന്തമായിരുന്നു. അവിടെ നിന്നുള്ള സൂര്യാസ്തമനം ഒരു കഴ്ച തന്നെയായിരുന്നു. ഇപ്പോൾ അവിടെ ഉത്സവത്തിന്റെ ഒരുക്കങ്ങളാണ്...

കാളപ്രതിമകളും, പലവേഷങ്ങളും ഉൾപ്പെട്ട ഉത്സവ വരവിനെ കേമമാക്കിക്കൊണ്ട് ചെണ്ടയും കോലും ഒരുമിച്ചു. ഞാൻ ഉപ്പയുടെ അടുത്തു ചെന്ന് കുറച്ച് പണം മേടിച്ച് പാടത്തേക്ക് പോയി. കുട്ടികൾ ബലൂണുകളും പീപ്പികളും പിടിച്ച് നടന്നുനീങ്ങുന്നു. ഉത്സവം തകൃതിയായി നടന്നുകൊണ്ടേയിരുന്നു...

ഇരുട്ടി വെളുത്തപ്പോൾ ഉത്സവം കഴിഞ്ഞു. ഉത്സവക്കാരും കച്ചവടക്കാരുമെല്ലാം പോയി. കെട്ടടങ്ങിയ വയൽ പ്രദേശം പൊട്ടിയ ബലൂണുകൾ കൊണ്ടും ചപ്പുചവറുകൾ കൊണ്ടും മലിനമായി കിടന്നു. കുളിരും തലോടലും തന്ന വയൽ അതിനടിയിൽ എവിടെയോ ഉണ്ടാവും. പക്ഷേ, ഇപ്പോൾ ഉഷ്ണവും വരൾച്ചയും മാത്രമേയുള്ളു!

ഫാത്തിമ ശിഫ പി.
തിരൂരങ്ങാടി, മലപ്പുറം



**തണലില്ലാത്ത ഭൂമിയിൽ
ജീവനുണ്ടാവില്ല;
ജീവനില്ലാത്ത
കെട്ടിടങ്ങളുടെ തണലല്ല,
ജീവനുള്ള മരത്തിന്റെ
തണലാണ് നമുക്ക് വേണ്ടത്!**

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Published by Mathrubhumi Seed